Bringing You Closer to God
LANDWAY

# ലാൻഡ്‌വേ ന്യൂസ്

10 SEPTEMBER 2016

RNI-KERBIL/2015/62054
www.landwaynews.com email: landwaynews@gmail.com
Postal Registration No. KL/PTA/93/2015 - 2017.
WPP License Number: KL/PTA/WPP/217/2015 - 2017.

Published From Pathanamthitta • Volume No. 2, Issue No. 9 • Pages 8 • Price: Rs. 10/-

## ചർച്ച് ഓഫ് ഗോഡിന് പുതിയ ഓവർസിയർമാർ



പാസ്റ്റർ സി. സി. തോമസ്



പാസ്റ്റർ കെ. സി. സണ്ണിക്കുട്ടി

മുളക്കുഴ: ചർച്ച് ഓഫ് ഗോഡ് ഇൻ ഇന്ത്യാ കേരളാ റീജിയന്റെ പുതിയ ഓവർസിയറായി പാസ്റ്റർ കെ. സി. സണ്ണിക്കുട്ടി നിയമിതനായി. കേരളാ റീജിയൻ എഡ്യൂക്കേഷൻ ഡയറക്ടറായി പ്രവർത്തിച്ച് വരികയായിരുന്നു ഇദ്ദേഹം. ചർച്ച് ഓഫ് ഗോഡ് ഇൻ ഇന്ത്യാ വെസ്റ്റ് സെൻട്രൽ റീജിയൻ ഓവർസിയറായി പാസ്റ്റർ ബെൻസൺ മത്തായി നിയമിതനായി. ചർച്ച് ഓഫ് ഗോഡ് ഇൻ ഇന്ത്യാ ഈസ്റ്റേൺ റീജിയൻ ഓവർസിയറായി പാസ്റ്റർ ബെന്നി ജോണും നിയമിതനായി. സഭയുടെ ബൈബിൾ കോളേജ് റജിസ്ട്രാറായി പ്രവർത്തിച്ച് വരികയായിരുന്നു.

അമേരിക്കയിലെ നാഷില്ലിൽ ചർച്ച് ഓഫ് ഗോഡ് ജനറൽ അസംബ്ലിയിൽ വച്ചാണ് പുതിയ നിയമനങ്ങൾ പ്രഖ്യാപിച്ചത്. ഇൻഡ്യാ പൂർണ്ണ സുവിശേഷ ദൈവസഭ കേരള സ്റ്റേറ്റ് ഓവർസീയറായി പാസ്റ്റർ സി. സി. തോമസ് തിരഞ്ഞെടുക്കപ്പെട്ടു. 23 ന് ബുധനാഴ്ച സഭാ ആസ്ഥാനമായ മുളക്കുഴ സീയോൻകുന്നിൽ ചേർന്ന കൗൺസിൽ അംഗങ്ങളുടെയും ശുശ്രൂഷകന്മാരുടെയും പ്രിഫ്രൻസ് ബാലറ്റിലൂടെയാണ് തിരഞ്ഞെടുക്കപ്പെട്ടത്. അമേരിക്കയിലെ ടെന്നസ്സിയിലൂള്ള ക്ലെവലന്റിലാണ് അന്തർദേശീയ ദൈവസഭയുടെ ആസ്ഥാനം.

2008 മുതൽ ടെന്നസ്സി ടൈനർ ചർച്ച് ഓഫ് ഗോഡ് സഭയുടെ സീനിയർ ശുശ്രൂഷ കനായി പ്രവർത്തിച്ചുവരികയായിരുന്നു. ഇൻഡ്യാ ദൈവസഭയുടെ ശുശ്രൂഷകൻ, സെന്റർ പാസ്റ്റർ, യുവജന വിഭാഗം സംസ്ഥാന പ്രസിഡന്റ്, തിരുവല്ല ഇൻഡ്യാ ക്രിസ്ത്യൻ തിയോളജിക്കൽ സെമിനാരി രജിസ്ട്രാർ, അഡ്മിനിസ്ട്രേറ്റർ, ചർച്ച് ഓഫ് ഗോഡ് സ്റ്റേറ്റ് കൗൺസിൽ അംഗം, ബൈബിൾ കോളേജ് അദ്ധ്യാപകൻ തുടങ്ങി വിവിധ ഔദ്യോഗിക പദവികൾ മുമ്പ് വഹിച്ചിട്ടുണ്ട്.

ഇൻഡ്യയിലെയും വിദേശ രാജ്യങ്ങളിലെയും വിവിധ സർവ്വകലാശാലകളിൽ നിന്നും ബിരുദവും വേദശാസ്ത്രത്തിൽ ബിരുദാനന്തര ബിരുദവും നേടിയിട്ടുള്ള പാസ്റ്റർ സി. സി. തോമസ് മികച്ച സംഘാടകനും പ്രഭാഷകനുമാണ്. ചെങ്ങന്നൂർ മുളക്കുഴ ചിറയിൽ പരേതരായ ചാക്കോ-തങ്കമ്മ ദമ്പതികളുടെ മകനായി 1964 ൽ ജനിച്ച പാസ്റ്റർ സി. സി തോമസ് മുളക്കുഴ ചർച്ച് ഓഫ് ഗോഡ് സഭാംഗമാണ്. ഭാര്യ: സുനു. മക്കൾ: ഗ്രാന്റ്, നഥനയേൽ.

## ഫാമിലി സെമിനാറും കൺവൻഷനും നടത്തപ്പെട്ടു

ചെന്നൈ: ഐ. പി. സി ചെന്നൈ സെന്റർ ഡിസ്ട്രിക്ടിന്റെയും ഐ. പി. സി. മുഗപ്പെയർ സഭയുടെയും സംയുക്തമായി ട്രാൻസ്ഫോമേഷൻ എന്ന നാമകരണത്തിൽ സെമിനാറും കൺവൻഷനും നടത്തപ്പെട്ടു. ഐ. പി. സി യുടെ അണ്ണാനഗറിലെ ഹെബ്രോൺ ഹാളിൽ നടന്ന മീറ്റിങ്ങുകളിൽ ധാരാളം യൗവ്വനക്കാരും സഭാ അംഗങ്ങളും ദൈവദാസന്മാരും പങ്കെടുത്തു. ഐ. പി. സി. ചെന്നൈ സെൻട്രൽ ഡിസ്ട്രിക്ട് പ്രസിഡന്റ് പാസ്റ്റർ സാമുവേൽ സി. വർഗ്ഗീസ് യോഗം പ്രാർത്ഥിച്ചു ഉത്ഘാടനം ചെയ്തു. മുഖ്യ പ്രഭാഷകനായി സാജു ജോൺ മാത്യു പങ്കെടുത്തു. വിവിധ സെക്ഷ നുകളിലായി ക്ലാസ്സുകൾ നയിക്കുകയും വിദ്യാർത്ഥികൾക്കും കുടുംബങ്ങൾക്കും വേണ്ടതായ മാർഗ്ഗ നിർദ്ദേശങ്ങൾ പകർന്ന് കൊടുക്കുകയും ചെയ്തു. 'മനുഷ്യന് ഈ കാലഘട്ടങ്ങളിൽ ഉണ്ടാകേണ്ട സൽസ്വഭാവങ്ങൾ' എന്ന വിഷയത്തെ ആസ്പദമാക്കിയായിരുന്നു ക്ലാസ്സുകൾ കൈകാര്യം ചെയ്തത്.

ഫാമിലി കൗൺസലിംഗ്, യൂത്ത് കൗൺസലിംഗ്, ഓപ്പൺ ഹാർട്ട് ഡിസ്കഷൻ, ആശയവിനിമയങ്ങൾ, സുവിശേഷത്തിന് ഇപ്പോഴുള്ള വെല്ലുവിളികൾ, തുടർവിദ്യാഭ്യാസം എന്നിവകളിലും വ്യക്തത വെളിപ്പെടുത്തി. യോഗങ്ങൾക്ക് കർത്തൃദാസന്മാരുടെയും സഹോദരിസഹോദരങ്ങളുടെയും സംയുക്ത സഹായസഹകരണം ആദിമുതൽ അവസാനം വരെയും നിലനിന്നിരുന്നു. പാസ്റ്റർമാരായ സാമുവേൽ സി. വർഗ്ഗീസ്, ഒ.ജെ. ഫിലിപ്പ്, എബി തോമസ്, ബ്രദർ പി.ജെ. ജെയിംസ് എന്നിവർ യോഗങ്ങൾക്ക് നേതൃത്വം നൽകി.

## ഐ.പി.സി. പൊൻകുന്നം സെന്റർ എമ്മെനോ 2016



ബ്രദർ ജോയി താനുവേലിൽ



ബ്രദർ സജി പോൾ



പാസ്റ്റർ അനിൽ കൊടിത്തോട്ടം



പാസ്റ്റർ സന്തോഷ് ജോസഫ്



സിസ്റ്റർ ലില്ലി റെജി

പൊൻകുന്നം: ഐ.പി.സി പൊൻകുന്നം സെന്റർ പി.വൈ.പി.എ, സൺഡേസ്ക്കൂൾ, സോദരീസമാജം എന്നിവ സംയുക്തമായി സംഘടിപ്പിക്കുന്ന 23-ാമത് ക്യാമ്പ്, 2016 സെപ്റ്റംബർ 12 തിങ്കൾ രാവിലെ 9 മുതൽ 13 ചൊവ്വ വൈകുന്നേരം 4 വരെ കോട്ടയം വടവാതൂർ ഏഷ്യൻ തിയോളജിക്കൽ സെമിനാരിയിൽ വച്ച് നടത്തപ്പെടുന്നു. 'എമ്മെനോ' (EMMENO) എന്ന നാമകരണം ചെയ്യപ്പെട്ട ഈ ക്യാമ്പിന്റെ ചിന്താവിഷയം 'വിശ്വാസത്തിൽ നിലനില്ക്കുക' എന്നതാണ്. ഐപിസി പൊൻകുന്നം സെന്റർ മിനിസ്റ്റർ പാസ്റ്റർ ഇ. റ്റി. കുഞ്ഞുമോൻ ഉത്ഘാടനം ചെയ്യുന്നു. ബ്രദർ ജോയി താനുവേലിൽ, പാസ്റ്റർ അനിൽ കൊടിത്തോട്ടം, പാസ്റ്റർ സന്തോഷ് ജോസഫ്, ബ്രദർ സുധി കല്ലുങ്കൽ, ബ്രദർ സജി പോൾ കോട്ടയം, ബ്രദർ അജി കല്ലുങ്കൽ, പാസ്റ്റർ സാംകുട്ടി ചാക്കോ, സിസ്റ്റർ ലില്ലി റെജി എന്നിവർ ക്ലാസ്സുകൾ നയിക്കുന്നു. സെന്റർ സെക്രട്ടറി പാസ്റ്റർ കെ. എം. ബാബു (ജനറൽ കൺവീനർ), ഇവാ. ലാലു ജോൺ (സൺഡേസ്ക്കൂൾ സൂപ്രണ്ട്), ബ്രദർ സന്തോഷ് എം. പീറ്റർ (പി.വൈ.പി.എ പ്രസിഡന്റ്), ജോഷി ജോസഫ് സാം (പി.വൈ.പി.എ സെക്രട്ടറി) എന്നിവർ നേതൃത്വം നൽകുന്നു.

## ലാൻഡ്‌വേ ന്യൂസ് സാഹിത്യ അവാർഡ് 2016

### മികച്ച ലേഖനത്തിന് ക്യാഷ് അവാർഡ്

ലാൻഡ്‌വേ ന്യൂസ് സംഘടിപ്പിക്കുന്ന സാഹിത്യ അവാർഡ് 2016 ലേക്ക് രചനകൾ ക്ഷണിക്കുന്നു. ഏറ്റവും മികച്ച ഒരു ലേഖനത്തിന് ക്യാഷ് അവാർഡും ഫലകവും പ്രശസ്തിപത്രവും നൽകുന്നതായിരിക്കും. അഞ്ച് മികച്ച ലേഖനങ്ങൾക്ക് പ്രോത്സാഹന സമ്മാനങ്ങൾ ഉണ്ടായിരിക്കും.

ക്രിസ്തീയ മൂല്യങ്ങളോട് ബന്ധപ്പെട്ടെഴുതിയ കാലിക പ്രസക്തിയുള്ള ലേഖനങ്ങൾ പരിഗണിക്കുന്നതാണ്. രചനയോടൊപ്പം മേൽവിലാസം, ഫോൺനമ്പർ, ഇമെയിൽ ഐഡി, ഏറ്റവും പുതിയ പാസ്പോർട്ട് സൈസ് ഫോട്ടോ എന്നിവ ഉണ്ടായിരിക്കണം. തപാലിലോ, ഇമെയിൽ വഴിയോ രചനകൾ അയയ്ക്കാവുന്നതാണ്. പ്രായമോ സഭാവ്യത്യാസമോ ഇല്ലാതെ ആർക്കും പങ്കെടുക്കാം. മുമ്പ് പ്രസിദ്ധീകരിച്ചവ ആയിരിക്കരുത്. എല്ലാ മികച്ച കൃതികളും ലാൻഡ്‌വേ ന്യൂസിൽ പ്രസിദ്ധീകരിക്കും. രചനകൾ തിരിച്ചയയ്ക്കുന്നതല്ല. **2016 ഡിസംബർ 30ന്** മുമ്പായി ഓഫീസിൽ ലഭിച്ചിരിക്കണം. തപാൽ പ്രശ്നങ്ങൾ മൂലം രചനകൾ കൃത്യസമയത്ത് ഓഫീസിൽ ലഭിക്കാതിരിക്കുകയോ നഷ്ടപ്പെടുകയോ ചെയ്താൽ ലാൻഡ്‌വേ ന്യൂസ് ഉത്തരവാദിയല്ല. ഇംഗ്ലീഷിലും മലയാളത്തിലും രചനകൾ അയയ്ക്കാം

2017 ജനുവരി 30-ാം തീയതി അവാർഡ് പ്രഖ്യാപിക്കുകയും ലാൻഡ്‌വേ ന്യൂസ് സംഘടിപ്പിക്കുന്ന ഔദ്യോഗിക ചടങ്ങിൽ വച്ച് അവാർഡുകൾ വിതരണം ചെയ്യുന്നതുമാണ്. സമയവും വേദിയും പിന്നീട് അറിയിക്കും. കൂടുതൽ വിവരങ്ങൾക്ക് ലാൻഡ്‌വേ ന്യൂസ് ഓഫീസുമായി ബന്ധപ്പെടുക.

LANDWAY NEWS ▪ SAHITHYA AWARD ▪ THUMPAMON P.O., ▪ PATHANAMTHITTA DIST - 689502
Phone: +91 9447440441 ▪ Email: landwaynews@gmail.com

## നിര്യാതയായി

ന്യൂയോർക്ക്: എബനേസർ ഫുൾ ഗോസ്പൽ അസംബ്ലി സഭാംഗവും പരേതനായ പുളിക്കീഴ് കരിമ്പനേത്ത് കെ.വി എബ്രാഹാമിന്റെ ഭാര്യ അന്നമ്മ (88) നിര്യാതയായി. വളഞ്ഞവട്ടം ഐ.പി.സി സഭയുടെ മുൻകാല വിശ്വാസിയും, മേപ്പാടത്ത് ആയേറിൽ കുടുംബാംഗവുമാണ്. മക്കൾ: എബ്രാഹാം വർഗീസ്, എബ്രഹാം ദാനിയേൽ, മറിയാമ്മ, സാറാമ്മ, പൊന്നമ്മ., പന്ത്രണ്ട് കൊച്ചുമക്കളും എട്ട് ചെറുമക്കളും അടങ്ങിയ കുടുംബമാണ്. വെള്ളിയാഴ്ച വൈകിട്ട് പൊതുദർശനവും ശനിയാഴ്ച സംസ്കാര ശുശ്രൂഷയും നടത്തപ്പെടും. ശുശ്രൂഷ നടക്കുന്ന സ്ഥലം: Ebenezer Full Gospel Assembly, 136, Sunset Road, Blauvelt, Newyork 10913.

2 ജീവിതം വഴിമുട്ടുന്നത് എങ്ങനെ? — സന്തോഷ് പന്തളം
3 മാതാപിതാക്കളും ശ്രദ്ധിക്കേണം ഒപ്പം മക്കളും! — ഷെറിൻ ഷേർളി സന്തോഷ്
6 The significance of Discipleship — Samuel George
7 കാണുന്നു ഞാൻ വിശ്വാസത്താൽ: സുനിൽ പത്തനാപുരം — പാട്ടിന്റെ വഴി
8 തെറ്റിലേക്ക് തെന്നിവീഴുന്ന യുവതലമുറകൾ — ബിജി കോശി

**LANDWAY NEWS**
EDITORIAL BOARD
*CHIEF EDITOR:*
Santhosh Pandalam
*EDITOR:*
Sherly Santhosh
*ASSOCIATE EDITOR:*
Shiju John Samuel
*SUB EDITOR:*
Joy Varghese Elanthoor
*ADVISORY BOARD:*
Godwin Y. D • Shibu Paippad
Mohan George • Biju Abraham
Finny Joseph • J. P. Vennikulam
Jacob Kottarakkara • Finny Kanjangod

*REPORTERS:*

UNITED KINGDOM
Sam Jiji Mangalathu
UNITED STATES OF AMERICA
Avinash Thankachan
AUSTRALIA
Aaron George Mathew
KINGDOM OF SAUDI ARABIA
JUBAIL
Shibu Paippad
RIYADH
Daniel Eppachan
UNITED ARAB EMIRATES
UAE Coordinator & Reporter
Duglas Joseph
AJMAN
Anil Babu
SHARJAH
Das P. Vilakudy
DUBAI
Siby George
RAS AL KHAIMAH
Biji Philip
UMM AL QUWAIN
Abraham Thomas
QATAR
Biju Iverkala
BAHRAIN
Bose B Varghese
BULGARIA
Ronald Regie
KERALA
Shibu George
KARNATAKA
Paul C. Joseph
DELHI
C. John
MUSCUT
Sam George, Kottarakkara

**Address:**
LANDWAY NEWS,
Olive Thottathil, Thumpamon P.O.,
Pandalam – 689502,
Pathanamthitta Dist, Kerala, India
Phone: +91-9447440441,
Email: landwaynews@gmail.com,
www.facebook.com/landwaynewspaper
www.landwaynews.com

**Yearly Subscription**
INDIA: Rs. 120
USA: Dollars - 50
UK: Pounds - 25
Gulf: Rs. 2000

Disclaimer:
The views expressed in the articles are those of the writers. The magazine will not bear any responsibility for them. Some of the images used in this news paper have been downloaded from websites.We acknowledge that the copyright of those images remain with the original owners, and The Landway News does not intend to use those for commercial purposes and does not claim any rights for them.

## വരിസംഖ്യ?

**ലാൻഡ്‌വേ ന്യൂസ് പേപ്പറിന്റെ വരിസംഖ്യയും സംഭാവനകളും താഴെക്കാണുന്ന വിലാസത്തിൽ ഏതിലെങ്കിലും അയയ്ക്കുക!**

LANDWAY NEWS,
Olive Thottathil, Thumpamon P.O.,
Pandalam – 689502,
Pathanamthitta Dist, Kerala, India

*Bank Details*
LANDWAY NEWS
A/c. No. 0386073000000078
South Indian Bank
Thumpamon Branch
IFSC: SIBL0000386
SWIFT CODE: SOININ55



സന്തോഷ് പന്തളം

# ജീവിതം വഴിമുട്ടുന്നതെങ്ങനെ?

ജീവിതം ചെറിയൊരു വാക്കാണ്. പക്ഷെ അതിന് വേണ്ടി വലിയൊരു കാലഘട്ടം പരിശ്രമിക്കേണ്ടിയിരിക്കുന്നു. ജീവിതത്തിന്റെ തുടക്കം കരച്ചിലിലൂടെ തുടങ്ങുന്നു. അവസാനവും കരച്ചിലിലൂടെ അവസാനിക്കുന്നു. ഒരു കുട്ടി ജനിക്കുമ്പോൾ പലരേയും സന്തോഷിപ്പിക്കുന്നു. പക്ഷെ ഒരുവൻ മരിക്കുമ്പോൾ പലരെയും ദുഃഖത്തിലാഴ്ത്തുന്നു. എന്താണ് ജീവിതമെന്ന് ചിന്തിക്കാത്ത മൃഗത്തെ പോലെ ജീവിക്കുന്ന മനുഷ്യ കോലങ്ങളെ നമ്മുടെ ചുറ്റിലും പലപ്പോഴും കാണാൻ കഴിയുന്നുണ്ട്. മറ്റ് വ്യക്തികളെ കണ്ടാൽ ഒന്ന് പുഞ്ചിരിക്കാൻ പോലും കഴിയാത്ത മനുഷ്യ കോലങ്ങൾ എന്ന് പറയുന്നതിൽ യാതൊരു തെറ്റും ഞാൻ കാണുന്നില്ല.

നാം എന്തിനാണ് ഈ ലോകത്തിൽ ജനിച്ചത്? എന്തിനാണ് ജീവിക്കുന്നത്? ഒന്ന് ചിന്തിക്കുക. സ്നേഹിതരേ, പക്ഷികൾ മരക്കൊമ്പിൽ കൂടു വയ്ക്കുന്നു. മനുഷ്യർ കോൺക്രീറ്റ് കെട്ടിടം പണിയുന്നു. മനുഷ്യന്റെ കൈവേല കാറ്റടിക്കുമ്പോൾ താളടിയാകുന്നു. പക്ഷെ മരകൊമ്പിൽ കൂടു വച്ച പക്ഷിയുടെ കൂടിന് യാതൊരു കേടുപാടും സംഭവിക്കുന്നില്ല. ചിന്തിക്കുക സഹോദരങ്ങളേ, പക്ഷിയുടെ ബുദ്ധിയാണോ വലുത്, അതോ മനുഷ്യന്റെ കൈവേലയോ? ഈ കാലഘട്ടങ്ങളിൽ അഹങ്കാരികളായ ചിലർ മറ്റ് മതത്തിലുള്ള പെൺകുട്ടികളെ പ്രേമമെന്ന കാപട്യ സ്നേഹം പ്രദർശിപ്പിച്ച് ചാരസംഘടന പോലുള്ള മതപ്രാന്തിന്റെ മടിത്തട്ടിൽ കൊണ്ടെത്തിച്ച് എന്തൊക്കെയോ ചെയ്ത് കൊടുക്കാമെന്ന മോഹന വാഗ്ദാനങ്ങളിൽ ആശിപ്പിച്ച് ശരീരത്തെയും മനസിനെയും കുടുംബത്തെയും സമൂഹത്തെയും നശിപ്പിച്ച് നിത്യവും ദുഃഖത്തിലാഴ്ത്തിക്കൊണ്ടിരിക്കുന്നു. ഇക്കൂട്ടർ ജീവിതം വഴിമുട്ടി ചിലർ അപവാദം ഏറ്റുവാങ്ങാൻ കഴിയാതെ ആത്മഹത്യ ചെയ്യുന്നു. ചിലർ മിത്രമെന്ന ശത്രുവിന് തന്നെത്തന്നെ ബലിയാടായി ഏൽപ്പിച്ചു കൊടുക്കുന്നു. ചിലർ ചാരസംഘടന പോലുള്ള വലയത്തിന് ജീവിതം ഹോമയാഗം പോലെ സമർപ്പിക്കുന്നു. കുടുംബത്തിൽ മക്കളെ വഴക്ക് പറയാത്ത മാതാപിതാക്കൾ ഉണ്ടോ? ഒരിക്കൽ പോലും വഴക്ക് പറയാത്ത മാതാപിതാക്കൾ ഉണ്ട് എന്ന് എനിക്ക് തോന്നുന്നില്ല.

മനുഷ്യ ജീവിതത്തിന് വളരെ പ്രത്യേകതകൾ ഉണ്ട്. ദൈവം മനുഷ്യർക്ക് ജീവൻ നൽകിയത് ദൈവത്തിന്റെ ശ്വാസം കൊണ്ടാണ്. അതായത് ദൈവത്തിന്റെ ശ്വാസം മനുഷ്യന്റെ മൂക്കിൽ ഊതി അവൻ ജീവനുള്ള ദേഹിയായി മാറിയെന്ന് ദൈവവചനം തെളിവ് നൽകുന്നു.

മക്കളുടെ നല്ല ഭാവി ആഗ്രഹിക്കുകയും നന്മ കാണണമെന്ന് ആഗ്രഹിക്കുകയും ചെയ്യുന്നവർ ചിലപ്പോൾ ബാലശിക്ഷയും ഒപ്പം തെറ്റു തിരുത്തലും ചെയ്യുവാൻ ഇടയാക്കും. കാരണം മക്കളുടെ ജീവിതം വഴിമുട്ടാതിരിക്കാൻ വേണ്ടി മാത്രം. മാതാപിതാക്കൾ ആഗ്രഹിക്കുന്നതു കൊണ്ട് തെറ്റു തിരുത്തൽ നടത്തുന്നത്.

ജീവിതത്തിൽ പരാജയ വിജയങ്ങളെ വ്യക്തമായി കണ്ട് തെറ്റ് കുറ്റങ്ങളെ മനസിലാക്കിയവർ തെറ്റു ചെയ്യുന്നവരുടെ ആ പാതയിൽ കൂടി പോകാൻ പാടില്ലായെന്ന കാരണത്താലാണ് മക്കളെയും മറ്റ് സ്നേഹമുള്ളവരേയും നേർപാത കാണിക്കുന്ന വിധത്തിലുള്ള വാക്കുകളും ഇടപെടലുകളും നടത്തുന്നത് അല്ലാതെ നാശത്തിന് വേണ്ടി അല്ലാ എന്ന് നല്ല ചിന്തകൾ സ്വീകരിച്ചാലും.

ജീവിതം വഴിമുട്ടിയെന്ന് തോന്നിയാൽ പിന്നെ മുന്നോട്ടുപോകുവാൻ സാധ്യത പ്രയാസമാണ്. ജീവിതത്തിൽ മനുഷ്യന് ഒരു പ്രതീക്ഷ വേണം. കുടുംബത്തെക്കുറിച്ച്, മക്കളെക്കുറിച്ച്, ചുറ്റുപാടുകളെക്കുറിച്ച്, ദേശത്തെക്കുറിച്ച്, നാം ഉൾപ്പെട്ട് നിൽക്കുന്ന സഭയെക്കുറിച്ച്, നമ്മുടെ ഉപജീവന മാർഗ്ഗത്തെക്കുറിച്ച്, ഓഫീസിനെക്കുറിച്ച്, ഭാവികാലത്തെക്കുറിച്ച് നമുക്ക് സ്വപ്നം വേണമെന്ന് മാത്രമല്ല, മുട്ടിപ്പായുള്ള പ്രാർത്ഥനയും വളരെ ആവശ്യമാണ്.

സമൂഹം നമ്മെക്കുറിച്ച് എന്ത് പറയുന്നു എന്നല്ല മറിച്ച് നാം സമൂഹത്തെക്കുറിച്ച് എന്ത് ചിന്തിക്കുന്നു എന്നതായിരിക്കണം നമ്മുടെ രീതികളും പെരുമാറ്റങ്ങളും. നമ്മുടെ പെരുമാറ്റം നാം അറിയുന്നതിനേക്കാൾ നമ്മുടെ സഹപ്രവർത്തകർ ചുറ്റുപാടുകൾ ഉൾപ്പെട്ട് നിൽക്കുന്ന സമൂഹം വ്യക്തമായി നമ്മെ മനസിലാക്കുന്നുവെന്ന് ചിന്തിക്കുവാൻ നാം മറക്കരുതേ.

മനുഷ്യ ജീവിതത്തിന് വളരെ പ്രത്യേകതകൾ ഉണ്ട്. ദൈവം മനുഷ്യർക്ക് ജീവൻ നൽകിയത് ദൈവത്തിന്റെ ശ്വാസം കൊണ്ടാണ്. അതായത് ദൈവത്തിന്റെ ശ്വാസം മനുഷ്യന്റെ മൂക്കിൽ ഊതി അവൻ ജീവനുള്ള ദേഹിയായി മാറിയെന്ന് ദൈവവചനം തെളിവ് നൽകുന്നു. ഈ ജീവനെ അതിന്റെ പവിത്രതയിലും പരിശുദ്ധിയിലും സൂക്ഷിക്കേണ്ട കടമ നമ്മുടേതാണ്. ചിലപ്പോഴൊക്കെ നമുക്ക് തോന്നാൻ സാദ്ധ്യതയുണ്ട് ഇതോടു കൂടി എല്ലാം അസ്തമിച്ചു. ഇനി മുമ്പോട്ട് വഴിയില്ല എല്ലാം തീർന്നതു പോലെയും നമ്മുടെ കണ്ണിൽ ഇരുട്ട് കയറുന്നതു പോലെയും. ഒപ്പം മറ്റ് വ്യക്തികളിൽ നിന്ന് ഒറ്റപ്പെടുത്തലുകളും കൂടെയാണെങ്കിൽ പിന്നെ പറയുകയും വേണ്ട.

പ്രശ്നങ്ങൾ വരുമ്പോഴാണ് ആരാണ് സ്വന്തക്കാർ, ആരാണ് സ്നേഹിതർ ആരാണ് എന്നൊക്കെ മനസിലാക്കാൻ പറ്റുന്നത്. ശരിക്കും പറഞ്ഞാൽ വ്യക്തി ബന്ധങ്ങളെക്കുറിച്ച് ശരിക്കും മനസിലാക്കാൻ കഴിയുന്ന ഒരു പരീക്ഷയുടെ റിസൽട്ടാണ് ജീവിതത്തിലെ ഒറ്റപ്പെടുത്തലെന്ന ആ കറുത്ത കരി നിമിഷം. അത് നാം മറക്കരുത്. ഒരിക്കലും ജീവിതത്തെ ശപിക്കരുത്. പഴിചാരരുത്. ജീവിതം ഇത് മനോഹരമാണ്. Life is precious, Life is enjoy, Life is very very important.

ഇങ്ങനെ ജീവിതത്തെക്കുറിച്ച് ചിന്തിക്കാതെ ഭ്രാന്തമായി ജീവിക്കുന്ന വ്യക്തികൾക്ക് മരിക്കണമെന്നും മറ്റുള്ളവരിൽ നിന്നും മാറി നിൽക്കണമെന്നും എപ്പോഴും തോന്നാൻ സാധ്യതയുണ്ട്. ഇക്കൂട്ടർ ലൗ-ജി-ഹാദ് പോലെയുള്ള പ്രേമക്കുരുക്കുകളിൽ അകപ്പെടാൻ ഏറെ സാധ്യതയാണ്. പ്രേമം എന്ന കൊടുങ്കാറ്റിനെ അതിന്റെ ശക്തിയറിഞ്ഞ് വ്യക്തമായ ദിശയിലേക്ക് തിരിച്ചു വിട്ടില്ലയെങ്കിൽ ഇത് കൊടുങ്കാറ്റ് പോലെ വേദനകൾ വിതച്ച് ജീവിതത്തിലെ നല്ല ഫലങ്ങളെ നശിപ്പിച്ച് കളയും. യൗവ്വനക്കാരുടെ ഇടയിലെ പ്രധാനമായ ഒരു രീതിയാണ് ജീവിതം നശിപ്പിക്കുക, മദ്യം, മയക്കുമരുന്ന്, ലഹരി പദാർത്ഥങ്ങൾ, പാൻ മസാല പോലുള്ള സാധനങ്ങൾ ഉപയോഗിച്ച് ജീവിതത്തെ നശിപ്പിക്കുക. ഇതിന് എതിരായി ആരെങ്കിലും ശബ്ദമുയർത്തിയാൽ അവരെ ഉപദ്രവിക്കാനും കൊല്ലുവാനും ശ്രമിക്കുന്ന ആൺപെൺ വ്യത്യാസമില്ലാത്ത പകയുടെ വിഷപല്ലുകളെ നമുക്ക് ചിലപ്പോഴൊക്കെ അവിടവിങ്ങളിൽ തല പൊക്കുന്നതായി കാണാം. ഇത് വായിക്കുന്ന നിങ്ങളുടെ ജീവിതമെങ്കിലും വഴിമുട്ടരുതേ എന്നൊരു അപേക്ഷ മാത്രമാണ് ഈ എഴുത്തുകാരന്. ◆◆◆




AUTHOR AND FINISHER MINISTRIES, PUNALUR
മ്യൂസിക് ഫെസ്റ്റ് 2016
TV പ്രേക്ഷക സംഗമവും വിടുതൽ ശുശ്രൂഷയും
സെപ്റ്റംബർ 9 വെള്ളിയാഴ്ച വൈകിട്ട് 6 മുതൽ 8.30 വരെ
അൽ–സലാഹ ആഡിറ്റോറിയം, ഉറുകുന്ന്



ബ്രദർ ജോഷി വർഗ്ഗീസ് ശുശ്രൂഷിക്കുന്നു...
*Music Fest lead by: Hilltop Worship Band*




ടി. വി. പ്രോഗ്രാം സമയം:

| POWER VISION | CHANNEL LIVE | FOX TV |
|---|---|---|
| എല്ലാ ബുധനാഴ്ചയും രാവിലെ 7.30 മുതൽ 8.00 വരെ | വെള്ളി, ശനി, ഞായർ ദിവസങ്ങളിൽ രാത്രി 8.30 മുതൽ 9.00 വരെ | എല്ലാ ബുധനാഴ്ചയും ശനിയാഴ്ചയും രാത്രി 8.00 മുതൽ 8.30 വരെ |

കൂടുതൽ വിവരങ്ങൾക്ക്:
9605061422

എവർക്കും സ്വാഗതം

YOUTH

# മാതാപിതാക്കളും ശ്രദ്ധിക്കേണം ഒപ്പം മക്കളും!





ഷെറിൻ ഷേർളി സന്തോഷ്

ഇന്ന് കാണപ്പെടുന്ന പല മാതാപിതാക്കളും പറയുന്നത് തന്റെ മകൻ അല്ലെങ്കിൽ മകൾ നന്നായി ജീവിക്കുന്നില്ലാ, പഠിക്കുന്നില്ലാ, പക്വത ഇല്ലാ എന്നൊക്കെയാണ്. മാതാപിതാക്കൾക്ക് പക്വതയും ജീവിതം എന്താണെന്നും നേരത്തെ മനസ്സിലാക്കേണ്ടി വന്നിട്ടുണ്ടാകാം. കാരണം പൂർവ്വകാലങ്ങളിൽ വീട്ടിലെ ഏറെക്കുറേ ജോലികളും കാര്യങ്ങളും നോക്കി നടത്തുന്നത് കുട്ടികളായിരുന്നു. ഇപ്പോൾ ആ കാര്യങ്ങൾ എല്ലാം മാറിയിരിക്കുന്നു. നാട് വളരുംതോറും മനുഷ്യന്റെ ബുദ്ധിയും മനുഷ്യനും മാറുന്നു. പണ്ടുള്ള കാലങ്ങളിൽ കുട്ടികൾക്ക് എന്താണ് ഫോൺ, ഇന്റർനെറ്റുകൾ എന്ന് ഒന്നും അറിയുകയില്ലായിരുന്നു. കാരണം സോഷ്യൽ മീഡിയാകൾ കുറവായിരുന്നു. മാത്രമല്ല, പല കുടുംബങ്ങളിലും സാമ്പത്തികമായും ബുദ്ധിമുട്ട് അനുഭവിച്ചിരുന്നു. മക്കളുടെ ഭാഗത്തു നിന്ന് ചിന്തിച്ചാൻ മനസിലാക്കാൻ സാധിക്കും. മക്കൾക്ക് മാതാപിതാക്കൾ പറയുന്നത് എല്ലാമൊന്നും അംഗീകരിക്കാൻ പറ്റുന്നില്ല. ഇക്കാര്യത്തിൽ മക്കളെയും മാതാപിതാക്കളെയും കുറ്റപ്പെടുത്തിയിട്ട് യാതൊരു കാര്യവുമില്ല. ഇരുവരും വളർന്ന അവസ്ഥയാണ് അതിന്റെ കാരണം.

നമ്മുടെ മാതാപിതാക്കളിൽ മിക്കവരും ഒരുപാട് വേദനകളും ദുഃഖങ്ങളും സഹിക്കേണ്ടി വന്നവരാണ്. ആ വേദനകൾ ഒരിക്കലും തന്റെ മക്കൾക്ക് വരണമെന്ന് ആഗ്രഹിക്കുന്നില്ലായിരിക്കാം. മക്കളായാലും മാതാപിതാക്കളായാലും നന്നായി ഇന്ന് ഈ സമൂഹത്തിന്റെയും ദൈവത്തിന്റെയും മുമ്പിൽ ജീവിക്കുക എന്നത് നല്ലകാര്യമാണ്. മാതാപിതാക്കൾ മക്കൾക്ക് മാതൃകയായി ജീവിക്കണം. വേറെ ഒരു വ്യക്തിയാണ് തന്റെ മക്കളുടെ മാതൃക എന്ന് പറയിപ്പിക്കരുത് തങ്ങളുടെ മക്കളെ കൊണ്ട്. മാതാപിതാക്കളും മക്കളും ഒരുപോലെ സോഷ്യൽ മീഡിയാകളും ഫോണുകളും ഇന്റർനെറ്റുകളും ഉപയോഗിക്കുന്നു. എന്നാൽ എപ്പോഴും മക്കളെ മാത്രമാണ് എല്ലാവരും കുറ്റവും പറയാറുള്ളത്. അതിന് കാരണങ്ങൾ ഏറെയുണ്ടായാകും. മക്കൾ തന്നെ ആ ചോദ്യത്തിന് സ്ഥാനം ഉണ്ടാക്കി കൊടുക്കുന്നുമുണ്ട്. പക്ഷെ മാതാപിതാക്കളെ നിങ്ങളും ശ്രദ്ധിക്കേണ്ട സമയമായിരിക്കുന്നു. ഇന്ന് ജീവിച്ച് വളർന്നു വരുന്ന എല്ലാ കുട്ടികൾക്കും ഫോണും ഇന്റർനെറ്റും എന്താണെന്ന് നന്നായി അറിയാം. നമ്മൾ കേട്ടിട്ടില്ലേ, 'ഒന്ന് പാഴായാൽ മാത്രമേ മറ്റൊന്നിന് വളമാകൂ' എന്നത്. അതുപോലെയാണ് ഇന്ന് ഇന്റർനെറ്റും ഫോണുകളും. ഗുണവും ദോഷവും ഇതിനകത്ത് ഒളിച്ചിരുപ്പുണ്ട്. ഇന്ന് ഇന്റർനെറ്റും ഫോണും ഇല്ലാതെ ഒരു സാധാരണ വ്യക്തിക്ക് ജീവിക്കുക എന്ന് ബുദ്ധിമുട്ടുള്ള കാര്യമാണ്. എന്നാൽ അത് നന്നായി ഉപയോഗിക്കുക.

മാതാപിതാക്കളും ശ്രദ്ധിക്കേണം ഇന്റർനെറ്റുകളും സോഷ്യൽ മീഡിയാകളും ഉപയോഗിക്കുന്ന കാര്യത്തിൽ. നിങ്ങൾ നന്നായി ഉപയോഗിച്ചില്ലാ എങ്കിൽ മക്കൾ പേടിച്ച് മിണ്ടില്ലായിരിക്കാം. അല്ലെങ്കിൽ എതിർത്ത് ഒരു ചോദ്യം പോലും ചോദിക്കില്ലായിരിക്കാം. എന്നാൽ മനുഷ്യനാണ് മനുഷ്യന്റെ മനസിൽ വീഴുന്ന ഒരു വേദനയും വേഗം മറക്കാനും മായിക്കാനും കഴിയില്ല. മാതാപിതാക്കളേ, നിങ്ങളുടെ ഭാഗം നന്നായെന്ന് ഉറപ്പു വരുത്തുക. തെറ്റുകളും കുറവുകളും എല്ലാം എല്ലാവർക്കും ഉണ്ട്. പക്ഷെ ആ കുറവുകളും തെറ്റുകളും അറിഞ്ഞ് തിരുത്താൻ ശ്രമിക്കുക. മക്കൾ തെറ്റ് ചെയ്തിട്ടു ക്ഷമ ചോദിച്ചാൽ ക്ഷമിക്കുക. അത് വേദനിപ്പിക്കുന്ന ഒരു തെറ്റ് ആയിരുന്നു എങ്കിൽ വീണ്ടും അത് പറഞ്ഞ് വേദനിപ്പിക്കരുത്.

ആർക്കും ഒരിക്കലും എല്ലാ കാര്യത്തിലും തികഞ്ഞ മനുഷ്യനാവാൻ കഴിയില്ല. ക്ഷമ എന്ന വാക്ക് പറയാൻ വളരെ എളുപ്പം ആണെങ്കിലും പ്രവർത്തിയിൽ കൂടി വളരെ ബുദ്ധിമുട്ടുള്ള കാര്യമാണ്. നമ്മൾ എന്തൊക്കെ തെറ്റുകൾ ചെയ്തിട്ടും ദൈവം നമ്മളോട് ക്ഷമിച്ചില്ലേ. നിങ്ങളുടെ മക്കൾ ഒരു തെറ്റ് ചെയ്തപ്പോൾ അത് എന്തും ആയിക്കൊള്ളട്ടെ അവൻ/അവൾ അത് വീണ്ടും ആവർത്തിക്കുന്നില്ലെന്ന് ഉറപ്പ് വന്നാൽ അതിനെപ്പറ്റി മറന്നുകൂടെ, ക്ഷമിച്ചുകൂടെ?

മാതാപിതാക്കളേ, നിങ്ങൾക്കും ഈ തെറ്റുകൾ സംഭവിച്ചിട്ടുണ്ടാകാം, നിങ്ങൾ ഒന്ന് ആലോചിച്ചു നോക്കൂ, എന്നാൽ അന്ന് നിങ്ങളുടെ മാതാപിതാക്കൾ നിങ്ങളെ ഇത്രയും ശ്രദ്ധിച്ചിട്ടുണ്ടാകില്ല. മാത്രമല്ല സോഷ്യൽ മീഡിയാകൾ ഏറെക്കുറേ ഇല്ലാതിരുന്നത് കൊണ്ടും ആരും അറിഞ്ഞിട്ടും ഉണ്ടാകില്ല. ഇപ്പോൾ നടക്കുന്ന എല്ലാ അതിക്രമങ്ങളും തെറ്റുകളും പണ്ടും നടന്നകൊണ്ടിരുന്നതാണ്. പക്ഷെ അന്ന് ലോകം അറിഞ്ഞിരുന്നില്ല എന്ന് മാത്രം. നിങ്ങൾ ജനിപ്പിച്ച് ലാളിച്ച് വളർത്തിയ മക്കൾ തെറ്റ് ചെയ്യുമ്പോൾ നിങ്ങൾക്ക് സങ്കടം വരും. അത് സ്വാഭാവികമാണ്. പക്ഷെ നിങ്ങൾക്ക് ക്ഷമിക്കാനും കഴിയണം. മക്കളെ തിരുത്താൻ കഴിഞ്ഞില്ലെങ്കിൽ മതാപിതാക്കൾ എന്ന സ്ഥാനത്തിൽ നിങ്ങൾ ഒന്നുകൂടി പുരോഗമിക്കണം എന്നാണ് അർത്ഥം. മാതാപിതാക്കളെ സ്നേഹിക്കുന്ന ഒരു മക്കളും മോനേ/മോളേ, നീ ഇനിയും ആ തെറ്റ് ആവർത്തിക്കരുത് എന്ന് പറഞ്ഞാൽ ആവർത്തിക്കില്ല. എന്നാൽ അത് ആവർത്തിക്കാതെ ഇരുന്നിട്ടും കുറ്റപ്പെടുത്തുമ്പോൾ മക്കളുടെ മനസിൽ വേദന കൂടും.

അതുപോലെ തന്നെ മക്കളും മാതാപിതാക്കളെ കഴിവതും വേദനിപ്പിക്കാതിരിക്കുക. ഇന്ന് കുടുംബങ്ങളിൽ പ്രശ്നങ്ങൾ ഏറുന്നതിന്റെ പ്രധാന കാരണം ഫോണുകളും ഇന്റർനെറ്റുമാണ്. ശ്രദ്ധിച്ചും സൂക്ഷിച്ചും ഇരുവരും ഉപയോഗിക്കുക. കാരണം, പരസ്പരം വിശ്വാസം നഷ്ടമായാൽ വളരെ ബുദ്ധിമുട്ടാണ് ആ ബന്ധം കൂട്ടി യോജിപ്പിക്കാൻ. ഇന്റർനെറ്റുകളിൽ ഒളിച്ച് ഇരിക്കുന്ന അപകടങ്ങൾ മനസിലാക്കുക. ആവശ്യമില്ലാത്ത കാര്യങ്ങൾ കാണുകയോ കേൾക്കുകയോ ചെയ്യാതെ ഇരിക്കുക.

മാതാപിതാക്കളായാലും മക്കൾ ആയാലും തെറ്റുകൾ ചെയ്യുമ്പോൾ ആരും കാണില്ല എന്ന് ഉദ്ദേശിച്ചേക്കാം. ശരിയായിരിക്കാം. ആരും കണ്ടില്ലെന്ന് വരാം. പക്ഷെ ദൈവം എല്ലാം കാണുന്നുണ്ട്. നിങ്ങൾ ശരിക്കും ചിന്തിക്കുക ചെറിയ ഒരു തെറ്റ് മതി (സ്വർഗ്ഗം) മഹൽഭാഗ്യം നടഷ്ടമാകാൻ. മറ്റൊന്ന് നാം നല്ല പ്രവർത്തി ചെയ്തിട്ടും വേണ്ടാത്ത ഒരു കാര്യം കാണുകയോ കേൾക്കുകയോ ചെയ്താൽ എല്ലാം നഷ്ടമാകും. മാതാപിതാക്കളും മക്കളും അന്യോന്യം ചോദ്യം ചെയ്തില്ലെന്ന് വരാം. നാം മരിച്ച് കഴിയുമ്പോൾ ദൈവം ചോദിക്കുന്ന ഓരോ ചോദ്യത്തിനു മുമ്പിലും പകച്ചു നിൽക്കേണ്ടി വരും. അതിനാൽ കണ്ണ് അടച്ച് പൂച്ചയെപ്പോലെ ആരും പാൽ കുടിക്കാതെയിരിക്കുക. മറ്റുള്ളവർ തെറ്റ് കണ്ടില്ലെന്ന് വരാം. അല്ലെങ്കിൽ കണ്ടിട്ട് മിണ്ടാതെയിരിക്കാം. എന്നാൽ ദൈവം ഒരിക്കലും മിണ്ടാതെയിരിക്കില്ല. കണ്ടില്ലെന്ന് വയ്ക്കുകയുമില്ല. തെറ്റുകൾ സ്വയം തിരുത്തി മാതാപിതാക്കളെ കൊണ്ടും മക്കളെക്കൊണ്ടും ചോദ്യം ചോദിപ്പിക്കാതെ സൂക്ഷിച്ച് പ്രാർത്ഥിച്ച് ജീവിക്കുക. അതാണ് ഏവർക്കും ആവശ്യം. ♦♦♦

---

Landway Health Tips

# വേദനകൾ അവഗണിച്ചാൽ

**1. നെഞ്ച് വേദന**

പലപ്പോഴും ഹൃദയാഘാതത്തിന്റെ ലക്ഷണങ്ങളാണ്. ഹൃദയാഘാതങ്ങൾ അല്ലാതെ തന്നെ നെഞ്ച് വേദന അനുഭവപ്പെടാം. എന്നാൽ നെഞ്ചിലുണ്ടാകുന്ന വേദന തോളുകളിലേക്കും കൈകളിലേ ക്കും വ്യാപിക്കുകയാണെങ്കിൽ ഇതിനെ ഒരിക്കലും അവഗണിക്കരുത്.

ബാക്ക് പെയിൻ പുറം വേദന അഥവാ ബാക്ക് പെയിൻ ഉണ്ടാക്കുന്ന വേദന ചെറുതൊന്നുമല്ല. ഇത് പലപ്പോഴും കിഡ്നി സംബന്ധമായ പ്രശ്നങ്ങൾക്ക് തുടക്കമാകാം. പുറം ഭാഗത്തായി ചെറിയ തോതിൽ നീരും വീക്കവും കാണപ്പെടുന്നുണ്ടെങ്കിൽ അത്തരം വേദനകളെ അവണിക്കരുത്.

**2. വയറുവേദന ഭക്ഷണം**

ശരിയായല്ല കഴിച്ചതെങ്കിലും ദഹനസംബന്ധമായ പ്രശ്നങ്ങൾ കൊണ്ടും പലപ്പോഴും വയറു വേദന ഉണ്ടാവാം. എന്നാൽ അപ്പന്റിക്സ് ആണ് പ്രശ്നമെങ്കിലും അത് വയറുവേദന രൂപത്തിലാണ് അനുഭവപ്പെടുന്നത്. കുടൽസംബന്ധമായ പ്രശ്നങ്ങൾ ഉണ്ടെങ്കിലും ഇത്തരത്തിൽ വേദന അനുഭവ പ്പെടാം.

**3. കാലിന്റെ താഴ്ഭാഗത്ത്**

വേദന പല തരത്തിലുള്ള കായിക വ്യായാമങ്ങൾ കൊണ്ട് പലപ്പോഴും വേദന അനുഭവപ്പെടാം. എന്നാൽ ആർത്രൈറ്റിസ് പോലുള്ള അസുഖങ്ങളെ അത്രക്കങ്ങോട്ട് അവഗണിക്കേണ്ട കാര്യമില്ല. കൈകാലിലെ വേദന കൈകാലുകളിൽ വിറയലോട് കൂടിയ വേദന അനുഭവപ്പെടുന്നുണ്ടെങ്കിലും ശ്രദ്ധിക്കേണ്ടതാണ്. രക്തയോട്ടം കുറയുമ്പോഴാണ് ഇത്തരം പ്രശ്നങ്ങൾ കൂടുതലാവുന്നത്.

**4. ശരീരവേദന ശരീരത്തിൽ**

മൊത്തത്തിലുള്ള വേദന ഉണ്ടെങ്കിലും സൂക്ഷിക്കുന്നത് നല്ലതാണ്. സ്ത്രീകളാണ് പലപ്പോഴും ഇത്തരം പ്രശ്നങ്ങൾക്ക് ഇരകളാകുന്നത്. രക്തസമ്മർദ്ദം വർദ്ധിക്കുന്നതിന്റെ ഭാഗമായും ഇത്തരം വേദനകൾ ഉണ്ടാവാം. അപകടമാകുമ്പോൾ എന്നാൽ ചില വേദനകളെയെല്ലാം നമ്മൾ അത്ര ഗൗരവത്തോടെ കാണാറില്ല. പലപ്പോഴും ഇത്തരത്തിൽ അവഗണിയ്ക്കുന്ന വേദനകളാണ് ഗുരുതരമായി മാറുന്നത്. എന്തൊക്കെ തരത്തിലുള്ള വേദനകളാണ് പലപ്പോഴും അവഗണിച്ച് അത് പിന്നീട് വളരെ വലിയ പ്രശ്നമായി മാറുന്നതെന്ന് നോക്കാം. ശരീരത്തിന്റെ ഏതൊക്കെ തരത്തിലുള്ള വേദനകളെ അവഗണിക്കാതിരിയ്ക്കണം എന്ന് നോക്കാം. താഴെ പറയുന്ന വേദനകളെ അവഗണിച്ചാൽ അവ നൽകുന്ന പണികൾ അത്രയും വലുതായിരിക്കും.

നെഞ്ച് വേദന പലപ്പോഴും ഹൃദയാഘാതത്തിന്റെ ലക്ഷണങ്ങളാണ്. ഹൃദയാഘാതലക്ഷണങ്ങൾ അല്ലാതെ തന്നെ നെഞ്ച് വേദന അനുഭവപ്പെടാം. എന്നാൽ നെഞ്ചിലുണ്ടാകുന്ന വേദന തോളുകളിലേക്കും കൈകളിലേക്കും വ്യാപി ക്കുകയാണെങ്കിൽ ഇതിനെ ഒരിക്കലും അവഗണിക്കരുത്. ബാക്ക് പെയിൻ പുറം വേദന അഥവാ ബാക്ക് പെയിൻ ഉണ്ടാക്കുന്ന വേദന ചെറുതൊന്നുമല്ല. ഇത് പലപ്പോഴും കിഡ്നി സംബന്ധമായ പ്രശ്നങ്ങൾക്ക് തുടക്കമാകാം. പുറം ഭാഗത്തായി ചെറിയ തോതിൽ നീരും വീക്കവും അപ്പന്റിക്സ് ആണ് പ്രശ്നമെങ്കിലും അത് വയറുവേദന രൂപത്തിലാണ് അനുഭവപ്പെടുന്നത്.

കുടൽ സംബന്ധമായ പ്രശ്നങ്ങൾ ഉണ്ടെങ്കിലും ഇത്തരത്തിൽ വേദന അനുഭവപ്പെടാം. ദന്തഡോക്ടറില്ലാതെ തന്നെ പല്ലിലെ പോടിന്റെ വിട കാലിന്റെ താഴ്ഭാഗത്ത് വേദന പല തരത്തിലുള്ള കായിക വ്യായാമങ്ങൾ കൊണ്ട് പലപ്പോഴും വേദന അനുഭവപ്പെടാം. എന്നാൽ ആർത്രൈറ്റിസ് പോലുള്ള അസുഖങ്ങളെ അത്രക്കങ്ങോട്ട് അവഗണിക്കേണ്ട കാര്യമില്ല. കൈകാലിലെ വേദന കൈകാലുകളിൽ വിറയലോട് കൂടിയ വേദന അനുഭവപ്പെടുന്നുണ്ടെങ്കിലും ശ്രദ്ധിക്കേണ്ടതാണ്.

രക്തയോട്ടം കുറയുമ്പോഴാണ് ഇത്തരം പ്രശ്നങ്ങൾ കൂടുതലാവുന്നത്. ശരീര വേദന ശരീരത്തിൽ മൊത്തത്തിലുള്ള വേദന ഉണ്ടെങ്കിലും സൂക്ഷിക്കുന്നത് നല്ലതാണ്. സ്ത്രീകളാണ് പലപ്പോഴും ഇത്തരം പ്രശ്നങ്ങൾക്ക് ഇരകളാകുന്നത്. രക്തസമ്മർദ്ദം വർദ്ധിക്കുന്നതിന്റെ ഭാഗമായും ഇത്തരം വേദനകൾ ഉണ്ടാവാം. വൃഷണത്തിൽ വേദന പുരുഷന്മാർക്ക് വൃഷണഭാഗത്ത് വേദന ഉണ്ടെങ്കിൽ ശ്രദ്ധിക്കേണ്ടതാണ്. പലപ്പോഴും വെരിക്കോസ് വെയിൻ പോലുള്ള പ്രശ്നങ്ങൾക്ക് ഇത്തരം വേദനകൾ തുടക്കമാകും.

**5. അമിതമായ തലവേദന**

അമിതമായ തലവേദന ഉണ്ടെങ്കിൽ അതിനെ നിസ്സാരമായി തള്ളിക്കളയരുത്. പലപ്പോഴും നേത്രസംബന്ധമായ പ്രശ്നങ്ങളോ മൈഗ്രേയ്ൻ പോലുള്ള രോഗങ്ങളുടേയോ തുടക്കമാകും അത്.

സന്ധികളിൽ വേദന അനുഭവപ്പെടുന്നുണ്ടെങ്കിൽ മഞ്ഞപ്പിത്തം പോലുള്ള പ്രശ്നങ്ങൾക്ക് തുടക്കമാണ് എന്നതാണ് കാണിക്കുന്നത്. എന്നാൽ മഞ്ഞപ്പിത്തം മാത്രമല്ല പലപ്പോഴും പനിയും അതോടനുബന്ധിച്ച പ്രശ്നങ്ങളുടേയും തുടക്കമാണ്. ♦♦♦




Exousia -2016 International Leaders Conference will be held in Bangkok, Thailand on 13- 15 September 2016 organized by Harvest International Church USA. The theme of the conference is "The Power of Holy Spirit". The conference will take place at the Bangkok Christian Center. Powerful messages, anointed worship, life changing testimonies, paper presentations, group discussion and united prayer for world peace will be held in different sessions. The conference is organized under the auspices of Harvest International Church, USA led by Rev. John Samuel. Hundreds of delegates are expected to participate in the four day conference.

## HARVEST INTERNATIONAL CHURCH, PHILADELPHIA, U.S.A

Trinity Assembly of God Church was started in 2001 as a small group in Philadelphia which mainly focused on Keralites and when God gave a burden to reach the nations, we started an English service and later the name was changed from Trinity Assembly of God to Harvest International Church in 2009. Currently we have churches in East Africa and USA totaling-about 500 churches. Our goal is to plant more churches and evangelize where ever God wants usto be. The main goal for the church is reach the unreached and train believers to be a disciple of Jesus, so that we can accomplish the Great Commission of Jesus Christ.

## LANDWAY NEWSPAPER TEAM IN BANGKOK CONFERENCE



SANTHOSH PANDALAM (CHIEF EDITOR)



SHERLY SANTHOSH (EDITOR)



GODWIN Y. D. (ADVISORY BOARD)

Landway Newspaper Chief Editor Santhosh Pandalam, Editor Sherly Santhosh and Advisory board member Godwin Y. D. will be attending the International Leaders Conference to be held in Bangkok, Thailand on 13 - 15 September 2016 organized by Harvest International Church USA. Landway News team will be covering the event extensively.

## BR. DUGLAS JOSEPH AS A GUEST SPEAKER



Landway Newspaper UAE Coordinator and reporter Br. Duglas Joseph will be attending the conference as a guest speaker. He will be speaking on the topic 'The Power that build a person and Church' on 13 Sept 2016. Br. Duglas actively involves in child and youth Ministry in U.A.E. He lectured in several seminars for teens and youth on spiritual life, education, career, character formation and personality development. He is a prolific writer on teenage and social issues. Many articles have been published in leading newspapers and magazines. He is the Editor of KE Newspaper and Headmaster of Shalom Church Sunday school. He serves as the Media Secretary of United Pentecostal Fellowship of Eastern Region,U.A.E ( An umbrella organization of 15 Pentecostal Churches) and president of Inter Collegiate Prayer Fellowship Fujairah region. He is currently a faculty of Gems Our Own English School Fujairah. Best wishes to Br. Duglas Joseph from Landway Newspaper family.

# HARVEST INTERNATIONAL CHURCH LEADERSHIP

### REV. JOHN SAMUEL, GENERAL PRESIDENT



Pastor John Samuel serves as the General President for Harvest International Church. He has served in this capacity since July 2004. His God ordained assignment is to minister to the whole man; body, soul and spirit. Pastor John Samuel was born in Kerala, India to Rev.& Mrs. T.J Samuel in 1976. From his childhood he was actively involved in the ministry through various programs. He graduated his M. Div. degree from Bethany Bible College, India and is currently pursuing his D. Min. in counseling. His vision is to witness Christ in all nations and to reach out the unreached ethnic groups as a part of the end time revival.

### PR. SHIBU G ABRAHAM (INDIA) VICE PRESIDENT



Pastor Shibu G Abraham who was born and raised in a Jacobite family, accepted Jesus Christ as his savior at the age of 7. God is using him Mightly in India and many other countries to Lift His name. He has a passion for the lost and travels through out to preach the Word and touch many souls.

### REV. DR. VARGHESE SAMUEL SECRETARY



Rev. Dr. Varghese Samuel (Lyji) serves as the General Secretary for Harvest International Church. Pastor Lyji was born in Thiruvalla, India in 1968 into a Marthomite Family. He accepted Jesus Christ as his Personal Savior in 1984 and took Water Baptism in 2002. He started his ministry working in Gospel for Asia where he had a call for ministry and began ministry in India in 2004. He earned his Bachelor of Commerce and Diploma in Electrical Engineering from India. He also has his Masters in Theology and Doctorate in Theology from International Christian University, VA. He took his Pastoral Ordination in 2006 and is a First Generation Pastor in his Family. Pastor Varghese Samuel and his wife Bilu Varghese have three children, Shaun, Shane, Shavon

### PR. MATHEW JAMES (INDIA) TREASURER



Pastor Mathew James was born and was raised in a catholic family in Kottayam, Kerala. After his secular education, he was working in Baharin as an QA/QC Engineer.
He accepted Jesus as His personal saviour when he met with an accident which caused Radiation Exposure, three others who travelled with him died on the spot of the accident and he was seriously injured and was affected with Blood Cancer and Bone marrow Cancer due to the Radiation. Doctors gave up their hopes of his survival, and on the Hospital bed he accepted Jesus as his saviour and he was miraculously healed from the cancers.
After Baptism he was thrown out of his Family because of his faith, after that studied he continued his educational Bethel Bible College, International christian university and now pursuing his D.Min at Faith Theological Seminary, Baltimore and also presently pioneering a church in Philadelphia, PA.






## America

# The lessons from Sasha Obama's Work at a Seafood Restaurant

Many landmark events occurred around the world in the last couple of days. The Olympic Games opened in Rio, continuing terror strikes in Europe, a lady prime minister assumed office in Britain and so on. However a news item stands outs with its positive appeal and inspiration to children and parents around the world. You may wonder which is that awesome news worth our attention? The news is none other than Sasha Obama, daughter of President Barack Obama, taken up a job at a seafood Restaurant in Massachusetts during her summer break. Her job at the joint called Nancy's on Martha's Vineyard reportedly includes waiting the tables, maintaining cash register and helping the restaurant prepare for lunch. Also, in the photographs that have gone viral on social media, Sasha wears the restaurant's uniform; blue t-shirt and a cap.

What message does the news convey us? It just shows how much the Obamas value labour and inculcates the value of simple living in their children. Something we don't see very often nowadays. We imitate the western culture and values blindly but failed to absorb the positive aspects such as dignity of labour, hardwork and fruitful use of time. Aversion towards blue collar jobs( Manuallabour) is so common in Asian countries and white collar jobs have high prestige and respect in the society. We try to follow western food habits, dress styles, customs and education but keep a blind eye towards many rewarding traits. No doubt many western cultural aspects have made inroads into eastern cultures and wiped away many age old customs and values. The greatness of eastern culture lies in its unique features such as family bond, respect to human dignity, accommodation of diversity, hospitality and tolerance . However such great cultural traits vanished by the onslaught of western culture.

It's praise-worthy that 15-year-old Sasha Obama has given up the comfort of the White House and has taken up a job at seafood. Here is a great lesson to parents and children. Many parents believe that good parenting means providing all material comforts to their children. They try to provide good education, food, dress, modern gadgets and leisure. The children grow up in an environment of ease and comfort even though the poor and middle class parents suffer to meet both ends. In western countries doing some job while at university is a common practice. It doesn't mean the parents cannot afford for the education. Through the part time job or vacation job the students learn the dignity of labour, value of money and difficulty of livelihood. Whether from a poor family or from a billionaire family, students engage in part time jobs during their college life.

Moreover, the role of parents in inculcating positive values in children at young age is imperative for every family, society and nation. Parents should teach and train children the value of labour, money and responsibility. In fact, Obama's daughter became a role model or icon to all teenagers in facing the challenges of life. Barack Obama and Michelle Obama are known to raise their daughters as normally as possible and this proves just that. Parents should be inspired from Obama's parenting values.

# Man marries his smartphone in US





A Los Angeles man has married his smartphone in a church ceremony in Las Vegas, taking his cellphone love to a whole new bizarre level.

"Do you, Aaron, take this smartphone to be your lawfully wedded wife, and do you also promise to love her, honor her, comfort and keep her, and be faithful to her?" Michael Kelly owner of the Little Las Vegas Chapel told the groom.

"I do," Aaron said, and then the groom placed his wife on his left ring finger, since the wife had a nifty little ring attached to her plastic cover, Las Vegas Review-Journal reported.



Kelly said Aaron's symbolic gesture to marry his smartphone was because he wanted to make a point about how dependent people are on their phones.

